(സി) 31.3.99-ൽ ലോക്കൽ പോലീസിൽ 3 വർഷം പൂർത്തിയാക്കിയ എല്ലാ പോലീസുകാരെയും അവർ നൽകിയ അപേക്ഷ അനുസരിച്ച് എച്ച്.സി. ടെസ്റ്റ് എഴുതാൻ അനുവദിച്ചിട്ടുണ്ട്.

96 (96) വനിതാ പോലീസിലെ അംഗസംഖ്യ വർദ്ധിപ്പിക്കാൻ നടപടി

ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസ് സേനയിൽ വനിതാ പോലീസിന്റെ അംഗസംഖ്യ വർദ്ധിപ്പിക്കാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) സ്ത്രീപീഡന കേസ്സുകൾ വനിതാ പോലീസിനെക്കൊണ്ടു തന്നെ അന്വേഷിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാന പോലീസ് സേനയിൽ വനിതകളുടെ പ്രാതിനിധ്യം രണ്ട് ശതമാനത്തിൽനിന്ന് 10 ശതമാനമായി ഉയർത്തുന്നതിന് നയപരമായി തീരുമാനിക്കുകയും ഇതിന്റെ ആദ്യപടിയായി 902 വനിതാ പോലീസ് കോൺസ്റ്റബിൾമാരെ റിക്രൂട്ട് ചെയ്യുന്നതിന് കേരള പബ്ലിക് സർവ്വീസ് കമ്മിഷനോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. മാത്രമല്ല നിലവിലുള്ള വനിതാ സെല്ലുകൾ ശക്തിപ്പെടുത്തുന്നതിനുവേണ്ടി 14 വനിതാ സർക്കിൾ ഇൻസ്പെക്ടർ, 28 വനിതാ സബ് ഇൻസ്പെക്ടർ, 14 വനിതാ ഹെഡ് കോൺസ്റ്റബിൾ, 56 വനിതാ കോൺസ്റ്റബിൾ എന്നീ തസ്തികകൾ ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശവും സർക്കാരിന്റെ പരിഗണനയിലുണ്ട്.

(സി) സ്ത്രീ പീഡനക്കേസ്സുകൾ ഇപ്പോൾ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ നിലവിലുള്ള വനിതാ പോലീസ് സ്റ്റേഷനുകളിൽ വനിതാ എസ്.ഐ.മാരുടെ നേതൃത്വത്തിലും തിരുവനന്തപുരം ആസ്ഥാനമാക്കി പോലീസ് ഹെഡ്ക്വാർട്ടേഴ്സിന്റെ കീഴിൽ പ്രവർത്തിക്കുന്ന വനിതാ സെല്ലിൽ ഒരു എസ്.പി.യുടെ നേതൃത്വത്തിലും 17 ജില്ലാ പോലീസ് ഓഫീസുകളോടനുബന്ധിച്ച് പ്രവർത്തിച്ചുവരുന്ന ജില്ലാ വനിതാ സെല്ലിൽ ക്രൈം ഡിറ്റാച്ച് ഡിവൈ.എസ്.പി.യുടെ നേതൃത്വത്തിലുമാണ് അന്വേഷണം നടത്തിവരുന്നത്. ഈ സംവിധാനത്തിൻ കീഴിൽ കഴിയുന്നിടത്തോളം സ്ത്രീപീഡനക്കേസ്സുകൾ വനിതാ പോലീസിനെക്കൊണ്ടുതന്നെയാണ് അന്വേഷിപ്പിക്കുന്നത്. വനിതാ പോലീസ് സേനയുടെ അംഗസംഖ്യ വർദ്ധിപ്പിക്കുന്ന മുറയ്ക്ക് പോലീസ് സ്റ്റേഷനുകളുടെ ചുമതല വനിതാ സബ് ഇൻസ്പെക്ടർമാർക്കുകൂടി നൽകി സ്ത്രീ പീഡനക്കേസ്സുകളുടെ അന്വേഷണ ചുമതല അവരെ ഏൽപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly